(എ) കേരളാ ഹൈടെൻഷൻ ആന്റ് എക്സ്ട്രാ ഹൈടെൻഷൻ ഇൻഡസ്ട്രിയൽ ഇലക്ട്രിസിറ്റി കൺസ്യൂമേഴ്സ് അസോസിയേഷന്റെ നിവേദനം സർക്കാരിന് ലഭിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(ബി) ഇക്കാര്യത്തിൽ സർക്കാർ എന്തെങ്കിലും നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(സി) നിവേദനത്തിൽ പറയുന്ന താരിഫ് റഗുലേറ്ററി കമ്മീഷനെ നിയമിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. 15-5-99-ൽ താരിഫ് വർദ്ധിപ്പിച്ചതിന് സംബന്ധിച്ചായിരുന്നു പരാതി.

(ബി) പരാതി പരിശോധിച്ച് ഹൈടെൻഷൻ/എക്സ്ട്രാ ഹൈടെൻഷൻ ഉപഭോക്താക്കളുടെ താരിഫ് 15-5-99 മുതൽ 5% (അഞ്ച് ശതമാനം) ഇളവ് അനുവദിച്ചിട്ടുണ്ട്.

(സി) ഇക്കാര്യം സർക്കാർ പരിഗണനയിലാണ്.

അഡീഷണൽ ഡെപ്പോസിറ്റ് ഇനത്തിൽ സമാഹരിച്ച തുക

64 (904) ശ്രീമതി റോസമ്മ ചാക്കോ :
ശ്രീ. എം. മുരളി :
ശ്രീ. പി. ജെ. ജോയി :
ശ്രീ. വി. ബാലറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അഡീഷണൽ ഡെപ്പോസിറ്റ് ഇനത്തിൽ സംസ്ഥാന വൈദ്യുതി ബോർഡ് ഇതുവരെ എന്തു തുക സംഭരിച്ചു ;

(ബി) അഡിഷണൽ ഡെപ്പോസിറ്റ് വാങ്ങുന്നത് എന്തടിസ്ഥാനത്തിലാണെന്ന് വെളിപ്പെടുത്തുമോ ;

(സി) എത്രമാസത്തെ വൈദ്യുതി ചാർജ്ജിന് തുല്യമായ തുകയാണ് അഡിഷണൽ ഡെപ്പോസിറ്റായി വാങ്ങുന്നത് ; വിശദവിവരം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) 25,40,93,589 രൂപ (ഇരുപത്തിയഞ്ചു കോടി നാൽപ്പതു ലക്ഷത്തി തൊണ്ണൂറ്റി മൂവായിരത്തി അഞ്ഞൂറ്റി എൺപത്തൊൻപത് രൂപ).

(ബി&സി) കണ്ടീഷൻസ് ഓഫ് സപ്ലൈയുടെ 14-ാം വകുപ്പനുസരിച്ച് എച്ച്.ടി/ഇ.എച്ച്.ടി. വിഭാഗത്തിൽപ്പെട്ട ഉപഭോക്താക്കൾ രണ്ട് മാസത്തെ വൈദ്യുത ചാർജ്ജിന് തുല്യമായ തുകയും എൽ.ടി. വിഭാഗത്തിലെ ഉപഭോക്താക്കൾ മൂന്ന് മാസത്തെ വൈദ്യുത ചാർജ്ജിന് തുല്യമായ തുകയും സെക്യൂരിറ്റി ഡെപ്പോസിറ്റായി അടയ്ക്കേണ്ടതാണ്. താരിഫ് വർദ്ധനമൂലവും. ഉപയോഗത്തിലെ വർദ്ധനമൂലവും പ്രതിമാസ വൈദ്യുത ചാർജ്ജിൽ ഉണ്ടാകുന്ന വർദ്ധനവനുസരിച്ച് ഉപഭോക്താവിന്റെ

LIBRARY ARCHIVES Kerala Legislative Assembly

പേരിലുള്ള ഡെപ്പോസിറ്റ് തുക മതിയാകാതെ വരുമ്പോൾ കുറവു വരുന്ന തുക അഡീഷണൽ സി.ഡി. യായി ഉപഭോക്താവിൽ നിന്നും ഈടക്കുന്നു. ഇങ്ങനെ ഈടാക്കാൻ കണ്ടിഷൻസ് ഓഫ് സപ്ലൈയുടെ 14 (ഡി) ക്ലോസനുസരിച്ച് വ്യവസ്ഥയുണ്ട്.

വൈദ്യുതി ചാർജ്ജിനെ സംബന്ധിച്ച് വ്യാപാരി വ്യവസായി സമിതിയുടെ നിവേദനം

65 (905) ശ്രീ. എ. കണാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ കച്ചവട സ്ഥാപനങ്ങളിൽ കണക്ടഡ് ലോഡ് അനുസരിച്ച് വൈദ്യുതി ചാർജ്ജ് ഈടാക്കുന്നത് സംബന്ധിച്ച് വ്യാപാരികളുടെ സംഘടനകൾ ഗവൺമെന്റിന് നിവേദനം നൽകിയിട്ടുണ്ടോ ;

(ബി) കേരള വ്യാപാരിവ്യവസായ സമിതിയുടെ നിവേദനം സംബന്ധിച്ച് ഗവൺമെന്റിന്റെ തീരുമാനം എന്താണെന്ന് വിശദീകരിക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) വാണിജ്യ-വ്യവസായ ഉപഭോക്താക്കളെ കണക്ടഡ് ലോഡിന് ആനുപാതികമായി ഈടാക്കുന്ന ഫിക്സ്ഡ് ചാർജിൽ നിന്നും ഒഴിവാക്കാൻ നിർവ്വാഹമില്ല എന്നറിയിച്ചിട്ടുണ്ട്.

കൺസ്യൂമർ കാർഡ്

66 (906) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. എം. മുരളി :
ശ്രീ. ഇ. എം. അഗസ്തി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്രപേർക്ക് ഇതുവരെ കൺസ്യൂമർ കാർഡ് നൽകിയിട്ടുണ്ട് ;

(ബി) ഇനി എത്രപേർക്ക് കൺസ്യൂമർ കാർഡ് നൽകാനുണ്ട് ; വിശദാംശം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ&ബി) കൺസ്യൂമർ കാർഡ് കൊടുക്കുന്ന നടപടി ആരംഭിച്ചിട്ടേയുള്ളൂ.

കൺസ്യൂമർ കാർഡ് സംബന്ധിച്ച് ആശങ്കകൾ ഒഴിവാക്കുന്നതിന് നടപടി

67 (907) ശ്രീ. പി. പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly